# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 13, വ്യാഴം
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 380)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | 1057 മുതൽ 1182 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | 1183 മുതൽ 1288 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | 1289 മുതൽ 1356 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | 1357 മുതൽ 1436 വരെ |

<u>കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റുമാരുടെ നിയമനം</u>

1057 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റുമാരുടെ നിയമനം സംബന്ധിച്ച് ആരോപണങ്ങളിന്മേൽ ലോകായുക്ത പുറപ്പെടുവിച്ച വിധിയുടെ സാരാംശം വ്യക്തമാക്കുമോ ;

(ബി) ഈ വിധിയിന്മേൽ ബഹു.ഹൈക്കോടതിയുടെ തീർപ്പ് എന്തായിരിന്നു ; യൂണിവേഴ്സിറ്റിയുടെ നിലപാടെന്താണ് ; വ്യക്തമാക്കുമോ ;

(സി) ലോകായുക്ത വിധി നടപ്പാക്കുന്നതു സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്നും, വിധി എന്നത്തേയ്ക്ക് നടപ്പാക്കുമെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമി സ്വകാര്യ ട്രസ്റ്റു കൾക്ക് നൽകുന്നതിനുള്ള സിൻഡിക്കേറ്റ് തീരുമാനം</u>

1058 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമി സ്വകാര്യ ട്രസ്റ്റുകൾക്ക് നൽകുന്നതിനുള്ള നിർദ്ദേശം സിൻഡിക്കേറ്റിന്റെ ഏതു തീയതിയിലെ യോഗത്തിലാണ് ചർച്ച ചെയ്തു തീരുമാനമെടുത്തതെന്നു വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സിൻഡിക്കേറ്റ് നോമിനേറ്റഡ് സിൻഡിക്കേറ്റായിരുന്നുവോയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത സിൻഡിക്കേറ്റിലെ അംഗങ്ങൾ ആരെല്ലാമായിരുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സിൻഡിക്കേറ്റിന്റെ കാലാവധി എന്നാണ് അവസാനിപ്പിച്ചത്;

(ഇ) പ്രസ്തുത അംഗങ്ങളെത്തന്നെ വീണ്ടും ഉൾപ്പെടുത്തി സിൻഡിക്കേറ്റ് പുന:സംഘടിപ്പിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത അംഗങ്ങളെ വീണ്ടും ഉൾപ്പെടുത്താനുണ്ടായ സാഹചര്യം എന്താണെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

കോഴിക്കോട് സർവ്വകലാശാലയ്ക്ക് യു.ജി.സി അനുവദിച്ച തുക

1059 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007-ൽ ആരംഭിച്ച 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തി യു.ജി.സി എത്ര കോടിരൂപയാണ്‌വികസന പദ്ധതികൾക്കായി കോഴിക്കോട് സർവ്വകലാശാലയ്ക്ക് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു പ്രകാരം എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കിയതെന്നു വിശദമാക്കുമോ;

(സി) 2012 ഒക്ടോബർ 30ന് 11-ാം പദ്ധതി അവസാനിച്ചതുവരെ എത്ര കോടി രൂപ ചെലവഴിച്ചു; എത്രകോടി രൂപ ലാപ്സായി; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**13.12.2012-ലെ മറുപടിക്ക്**

<u>കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണം</u>

T1060 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കേന്ദ്രസർവ്വകലാശാലയുടെ കീഴിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ കീഴിൽ ഏതെല്ലാം അനുബന്ധ സ്ഥാപനങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിക്കുവാനുള്ള മാനദണ്ഡം</u>

1061 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഗവൺമെന്റ് കോളേജുകളിൽ പി.എസ്.സി. മുഖേനയും എയ്ഡഡ് കോളേജുകളിൽ മാനേജ്മെന്റ് മുഖേനയും നിയമനം ലഭിക്കുന്നതിനായി പാലിക്കേണ്ട യോഗ്യതാമാനദണ്ഡങ്ങൾ ഒന്നുതന്നെയാണോ; മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ?

**കേരള നിയമസഭ**
**13.12.2012-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ സർവ്വകലാശാല നിയമനങ്ങൾ</u>

1062 ശ്രീ. സി.എഫ്. തോമസ്
'' റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി വഴി നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

## യൂണിവേഴ്സിറ്റി നിയമനങ്ങളിലെ സംവരണം

1063

ശ്രീ. കെ. എം. ഷാജി
,, പി. കെ. ബഷീർ
,, സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റി നിയമനങ്ങളിൽ സംവരണതത്വം പാലിക്കേണ്ടതില്ലെന്ന തീരുമാനം കൈക്കൊള്ളാനിടയാക്കിയ സാഹചര്യമെന്തായിരുന്നു എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയിൽ ഇത്തരത്തിലുള്ള ഒരു നടപടി ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) യൂണിവേഴ്സിറ്റികളിലെ ഉദ്യോഗസ്ഥ നിയമനങ്ങളിൽ സംവരണം കൃത്യമായി പാലിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ സംവരണ നിലവാരം പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>മലയാള സർവ്വകലാശാല</u>

1064 ശ്രീ. സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയാള സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഭാഷയുടെയും സംസ്കാരത്തിന്റെയും സൂക്ഷ്മതലങ്ങൾ വിശദമായി പഠിക്കുവാനും ഗവേഷണം നടത്തുന്നതിനും സർവ്വകലാശാല പ്രത്യേക ഊന്നൽ നൽകുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നടപ്പ് സാമ്പത്തിക വർഷം സർവ്വകലാശാലയുടെ പ്രവർത്തനത്തിന് എത്ര തുക അനുവദിച്ചു ;

(ഡി) സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ;

(ഇ) സർവ്വകലാശാലക്കുള്ള യു. ജി. സി. സഹായത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്വയംഭരണാധികാരവും അക്കാദമിക് സ്വാതന്ത്ര്യവും</u>

1065 ശ്രീ. എം. എ. ബേബി
,, ജി. സുധാകരൻ
,, വി. ചെന്താമരാക്ഷൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ ഭരണസമിതിയിൽ നിന്ന് ഏകാധിപത്യപരമായി അംഗങ്ങളെ പുറത്താക്കിയതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ദിശയിലുള്ള നടപടികളിൽ നിന്നും പിന്തിരിയാനും അത്തരം ഉത്തരവുകൾ പിൻവലിക്കാനും തയ്യാറാകുമോ;

(സി) സർവ്വകലാശാലകളുടെ സ്വയംഭരണാധികാരവും അക്കാദമിക് സ്വാതന്ത്ര്യവും ഹനിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകളും ഹോസ്റ്റൽ പ്രവർത്തനം</u>

1066 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പുതുതായി ഏതെല്ലാം കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും, അവ എന്ന് ആരംഭിക്കുവാൻ സാധിക്കും എന്നും വ്യക്തമാക്കുമോ ;

(ബി) ചാലക്കുടി പി.എം.ജി. കോളേജിൽ പെൺകുട്ടികളുടെ ഹോസ്റ്റൽ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതടക്കമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സർവ്വകലാശാലകളിലും കോളേജുകളിലും പഠനമേഖലകളിൽ ശാസ്ത്രീയമായ പരിഷ്കാരങ്ങൾ</u>

1067 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും പഠന മേഖലകളിൽ ശാസ്ത്രീയമായ പരിഷ്ക്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഒരു സർവ്വകലാശാല നൽകുന്ന യോഗ്യതയ്ക്കും ബിരുദത്തിനും തുല്യമായ യോഗ്യത നിശ്ചയിക്കാൻ ഇതര സർവ്വകലാശാലകൾ നേരിടുന്ന വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഉന്നത പഠനത്തിനായി വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്ന വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന വിഷമതകൾ കണക്കിലെടുത്ത് സർവ്വകലാശാലകൾ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകൾക്ക് തുല്യത കല്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

സംവരണ തത്വം അനുസരിച്ചുള്ള നിയമനം

1068 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിൽ വി.സി, പ്രോ-വി.സി, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തികകളിൽ ഇപ്പോൾ ആരെല്ലാമാണ് ജോലി ചെയ്യുന്നതെന്നും ഇതിൽ സംവരണ സമുദായത്തിൽപ്പെട്ട എത്ര പേരുണ്ടെന്നും വ്യക്തമാക്കുമോ ; പ്രസ്തുത തസ്തികകളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കാറുണ്ടോ ;

(ബി) ഈ തസ്തികകളിൽ ഇപ്പോൾ ഒഴിവുള്ളതും അടുത്ത മൂന്ന് മാസത്തിനകം ഒഴിവ് വരാൻ പോകുന്നതുമായവ ഏതെല്ലാമാണ് ;

(സി) ഈ ഒഴിവുകളിലും സംവരണതത്വം അനുസരിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

## കോളേജുകള്‍ ഇല്ലാത്ത നിയമസഭാ മണ്ഡലങ്ങള്‍

1069 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഒരു സര്‍ക്കാര്‍/എയ്ഡഡ് കോളേജ്പോലും ഇല്ലാത്ത എത്ര നിയമസഭാ മണ്ഡലങ്ങള്‍ ഉണ്ടെന്നും അത് ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) കോളേജുകള്‍ ഇല്ലാത്ത മണ്ഡലങ്ങളില്‍ ആവശ്യമായ ഭൗതിക സൗകര്യങ്ങള്‍ ഒരുക്കാന്‍ തയ്യാറായാല്‍ ഓരോ കോളേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>ആശ്രിത നിയമന പദ്ധതി</u>

1070 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് കോളേജുകളിലെ അദ്ധ്യാപക, അനദ്ധ്യാപക വിഭാഗങ്ങളിൽപ്പെടുന്ന ജീവനക്കാർക്ക് ആശ്രിത നിയമന ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ പോലും നടപ്പിലാക്കിക്കഴിഞ്ഞ ആശ്രിതനിയമന പദ്ധതി എയിഡഡ് കോളേജ് ജീവനക്കാർക്കും നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ ഗവ. കോളേജ് കെട്ടിട നിർമ്മാണം</u>

1071 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവ. കോളേജ് കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) അടുത്ത അദ്ധ്യയനവർഷം ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയും വിധം പണികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കെട്ടിടം നിർമ്മിക്കുന്ന പുത്തൻകുളം മുഴുവനും നികത്താൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.12.2012-ലെ മറുപടിക്ക്**

ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിലെ സയൻസ് കോഴ്സുകൾ

1072

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സയൻസ് ബ്ലോക്ക് നിർമ്മാണം പൂർത്തിയായിവരുന്ന ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതിയതായി സയൻസ് കോഴ്സുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ കേരള യൂണിവേഴ്സിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

താനൂർ ആർട്ട്സ് & സയൻസ് കോളേജ് അനുവദിക്കുവാൻ നടപടി

1073 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ ആർട്സ് & സയൻസ് കോളേജ് അനുവദിക്കുവാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കോളേജുകൾ അനുവദിക്കാൻ എത്ര ഏക്കർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്;

(സി) താനൂർ ഫിഷറീസ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന് ആവശ്യമായ ഭൂമിക്ക് പുറമേ അഞ്ച് ഏക്കർ ഭൂമികൂടി ലഭ്യമാണെന്ന് കണ്ടെത്തി സർക്കാരിനെ അറിയിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ അദ്ധ്യയന വർഷം കോളേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ചാലക്കുടിയിൽ റീജണൽ സയൻസ് സെന്റർ സ്ഥാപിക്കാൻ നടപടി

1074 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പി.എം.ജി. കോളേജ് വക സ്ഥലത്ത് റീജണൽ സയൻസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സെന്ററിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും എന്നറിയിക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ആലത്തൂർ മണ്ഡലത്തിൽ ഐ.എച്ച്.ആർ.ഡി ഗവൺമെന്റ് കോളേജ് തുടങ്ങുന്നതിന് അനുമതി</u>

1075 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിൽ ഐ.എച്ച്.ആർ. ഡി. കോളേജ് തുടങ്ങുന്നതിന് അനുമതി നൽകുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>മലപ്പുറത്തെ അലിഗഡ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാംപസിന്റെ പ്രവർത്തനം</u>

1076 ശ്രീ.പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്തെ അലിഗഡ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാംപസിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം ഇതുവരെ എന്തു തുക അനുവദിച്ചു എന്ന് വിശദമാക്കുമോ; എന്തു തുകയാണ് കേന്ദ്രം അനുവദിക്കാമെന്ന് അറിയിച്ചിരുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്യാംപസിലുള്ള സ്ഥിരം കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) പ്രസ്തുത ക്യാംപസിൽ അടുത്ത അധ്യയന വർഷം ഏതൊക്കെ പുതിയ കോഴ്സുകൾ തുടങ്ങാനാകും; വിശദമാക്കുമോ;

(ഡി) പ്രസ്തുത ക്യാംപസിൽ പുതിയ ബാച്ചുകൾക്കും, കോഴ്സുകൾക്കും ആവശ്യമായ കെട്ടിടം ലഭ്യമാണോ;

(ഇ) പ്രസ്തുത ക്യാംപസിൽ ഡയറക്ടറടക്കമുള്ള ജീവനക്കാർ ഏതു വ്യവസ്ഥയിലാണ് ജോലി ചെയ്യുന്നത്; സ്ഥിരം ജീവനക്കാർ ക്യാംപസിന് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർക്കെതിരെ വിജിലൻസ് അന്വേഷണം</u>

1077 ഡോ. കെ. ടി. ജലീൽ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ ഭൂമി ദാന കേസിലും അൽഹിന്ദ് എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് എഞ്ചിനീയറിംഗ് കോളേജ് അനുവദിച്ച കേസിലും വിജിലൻസ് അന്വേഷണം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിൽ വൈസ് ചാൻസലറെ തൽസ്ഥാനത്തു നിന്നും മാറ്റി നിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സ്വകാര്യ സ്ഥാപനങ്ങൾക്ക് സർവ്വകലാശാല ഭൂമി നൽകുന്നതിനും ക്രമവിരുദ്ധമായി എഞ്ചിനീയറിംഗ് കോളേജിന് അനുമതി നൽകുന്നതിനുമുള്ള തീരുമാനം എടുത്ത നോമിനേറ്റഡ് സർവ്വകലാശാല സിൻഡിക്കേറ്റിനെ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഐ. എച്ച്. ആർ.ഡി കോളേജ്</u>

1078 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ഐ. എച്ച്. ആർ. ഡി. കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുളളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോളേജിന് കാസർഗോഡ് എം.പി.യുടെ ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുളള അനുമതിക്കായി കണ്ണൂർ പ്ലാനിംഗ് ഓഫിസിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഐ. എച്ച്. ആർ.ഡി കോളേജ് കെട്ടിടത്തിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ മേഖലയിൽ ഏകീകൃത സിലബസ്</u>

1079 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസമേഖലയിൽ ഏകീകൃത സിലബസ് ഏർപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏകീകൃത സിലബസ് നടപ്പാക്കാത്തതുമൂലം വിദ്യാർത്ഥി സമൂഹം നേരിടുന്ന പ്രയാസങ്ങളെ ക്കുറിച്ച് വിദ്യാർത്ഥികൾ തന്നെ ഉയർത്തിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേന്ദ്ര സർക്കാർ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നയം എന്താണെന്ന് അറിയാമോ ; എങ്കിൽ വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സർക്കാർ - എയിഡഡ് സ്കൂളുകളിലേയ്ക്ക് കുട്ടികളെ ആകർഷിക്കുവാൻ നടപടി</u>

1080 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് സർക്കാർ എയ്ഡഡ് സ്കൂളുകളിലെ
വിദ്യാർത്ഥികളുടെ എണ്ണത്തിൽ ഗണ്യമായി കുറവുണ്ടായതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അടുത്ത അദ്ധ്യയന വർഷത്തിൽ സർക്കാർ - എയിഡഡ് മേഖലയിലേയ്ക്ക് കുട്ടികളെ ആകർഷിക്കുന്നതിന് എന്തൊക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അൺ എയ്ഡഡ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യതയും വേതനവും</u>

1081 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്ക്കൂളുകളിലെ അധ്യാപകർക്ക് നിയമാനുസൃത വേതനം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അൺ എയ്ഡഡ് സ്ക്കൂളുകളിലെ അധ്യാപകർക്ക് നിശ്ചിത യോഗ്യതയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നിയമാനുസൃത വേതനം നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലം മാറ്റം

1082 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) 2009-ൽ അംഗീകരിച്ച മാനദണ്ഡങ്ങളിൽ കണ്ടെത്തിയ പോരായ്മകൾ എന്തെല്ലാം ;

(സി) ജീവനക്കാർക്ക് സ്ഥലം മാറ്റത്തിന് ഓൺലൈൻ സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം നിർത്തിവയ്ക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രത്യേക ഉത്തരവ് വഴി സ്ഥലം മാറ്റം നടത്തുന്നുണ്ടോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അൺ - എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം</u>

1083 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അൺ - എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുളള സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഇനി സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് ഇത്തരത്തിൽ അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അൺഎയ്ഡഡ് സ്കുളുകളും എയ്ഡഡ് പദവിയും</u>

1084 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര അൺഎയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എയ്ഡഡ് പദവി നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) ഇനിയും എത്ര സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സി. ബി. എസ്.ഇ സ്കൂളുകൾക്ക് എൻ. ഒ. സി. നൽകുന്ന നടപടി</u>

1085 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സി. ബി. എസ്.ഇ സ്കൂളുകൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകുമോ;

(ബി) പുതുതായി എൻ. ഒ. സി. ലഭിക്കാൻ എത്ര അപേക്ഷകൾ ഇപ്പോൾ പരിഗണനയിലുണ്ട്; ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ; ഈ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണ്;

(സി) സി. ബി. എസ്.ഇ വിദ്യാലയങ്ങൾക്ക് എൻ.ഒ സി നൽകാനുള്ള നിബന്ധനകൾ റദ്ദു ചെയ്തുകൊണ്ടുള്ള കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിധിയിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; ഈ വിധിക്കെതിരെ അപ്പീൽ നൽകാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകാത്ത നിബന്ധന റദ്ദ് ചെയ്ത കോടതിവിധി

1086 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് എന്തെങ്കിലും നിബന്ധനവച്ചിരുന്നുവോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പ്രസ്തുത നിബന്ധന ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ ;

(സി) ഇതിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഹർജി ഫയൽ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) ഇല്ലെങ്കിൽ ഇതുവരെ അപ്പീൽ ഹർജി നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

1087

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഇതുവരെ എത്ര നിയോജക മണ്ഡലങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിനായി പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) വിദ്യാലയങ്ങളിൽ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും നോഡൽ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അംഗീകാരം ഇല്ലാത്ത അൺഎയ്ഡഡ് സ്ക്കൂളുകൾ</u>

1088 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയവിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് വിജയകരമായി പ്രവർത്തിച്ചു വരുന്ന അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അഗീകാരം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്ന അംഗീകാരം ഇല്ലാത്ത അൺ-എയ്ഡഡ് സ്ക്കൂളുകൾ മെച്ചപ്പെട്ട വിദ്യാഭ്യാസം ഗ്രാമീണ ജനങ്ങൾക്ക് നൽകുന്നുണ്ടോയെന്നത് സംബന്ധിച്ച സർക്കാരോ മറ്റ് ഏതെങ്കിലും ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

സര്‍ക്കാര്‍ /എയ്ഡഡ് വിദ്യാലയങ്ങളില്‍ വിദ്യാര്‍ത്ഥികളെ പീഡിപ്പിക്കുന്നതിനെതിരെ നടപടി

1089 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍/എയിഡഡ് വിദ്യാലയങ്ങളില്‍ വിദ്യാര്‍ത്ഥികളെ ലൈംഗികമായി പീഡിപ്പിക്കുന്ന പ്രവണത ഇപ്പോള്‍ വര്‍ദ്ധിച്ചുവരുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത്തരം അദ്ധ്യാപകര്‍ക്കെതിരെ കര്‍ശന നിയമനടപടി വിദ്യാഭ്യാസ ചട്ടങ്ങളില്‍ ഉള്‍പ്പെടുത്തുവാന്‍ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ;

(ബി) ലൈംഗിക പീഡനശ്രമം നടത്തുന്ന അദ്ധ്യാപകര്‍ക്കെതിരെ ക്രിമിനല്‍ കേസെടുത്ത് നിയമത്തിന് മുന്നില്‍ കൊണ്ടുവരാനും സര്‍വ്വീസില്‍ നിന്നും പിരിച്ചുവിടാനുമുള്ള നടപടികള്‍ക്ക് സര്‍ക്കാര്‍ രൂപം നല്‍കുമോ; വിശദമാക്കുമോ;

(സി) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര അദ്ധ്യാപകര്‍ക്കെതിരെ കര്‍ശന നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ സര്‍ക്കാര്‍/എയിഡഡ് വിദ്യാലയങ്ങളില്‍ ചില അദ്ധ്യാപകര്‍ വിദ്യാര്‍ത്ഥികളെ ചെറിയ തെറ്റുകള്‍ക്കുപോലും ചൂരല്‍പ്രയോഗത്തിന് വിധേയരാക്കുന്നതും ചില അദ്ധ്യാപകര്‍ കുട്ടികളെ മാനസികമായി പീഡിപ്പിക്കുന്നതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അദ്ധ്യാപകരുടെ ഇത്തരത്തിലുള്ള പ്രവണത തടയാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പ്ലസ് ടു തുല്യത കോഴ്സ് ആരംഭിക്കാൻ നടപടി</u>

1090 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് ടു തുല്യതാ കോഴ്സ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് പ്രസ്തുത കോഴ്സ് നടത്തുന്നത്; വിശദമാക്കുമോ ;

(ഡി) എന്ന് മുതലാണ് ആരംഭിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

1091 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ മാധ്യമിക് അഭിയാൻ (ആർ.എം.എസ്.എ) പദ്ധതിപ്രകാരം 2010-11 അധ്യയന വർഷം അംഗീകാരം ലഭിച്ച 35 യു.പി. സ്കൂളുകൾ ഹൈസ്കൂൾ ആക്കി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു വരെ ആയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യവുമുള്ള സ്കൂളുകളിൽ ഉടൻ ക്ലാസ് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗങ്ങളിൽ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനത്തിന്റെ കുറവുമൂലം പിൻതള്ളപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ശുദ്ധജലലഭ്യത</u>

1092

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് കുടിവെള്ളവും ജലലഭ്യതയും ഉറപ്പാക്കണം എന്ന ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് കുടിക്കാനുള്ള ശുദ്ധജലം ലഭ്യമാണ് എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ സ്കൂളുകളിലെ ഉച്ചഭക്ഷണം പരിപാടി</u>

1093 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ സ്കൂളുകളില്‍ ഇപ്പോള്‍ ഉച്ചഭക്ഷണം പരിപാടിയില്‍ എന്തെല്ലാം വിഭവങ്ങളാണ് നല്‍കുന്നത് ;

(ബി) ഇതിനായി സര്‍ക്കാര്‍ നല്‍കുന്ന സഹായങ്ങള്‍ എന്തെല്ലാമാണ് ;

(സി) 'സ്കൂളുകള്‍ക്ക് ഉച്ചഭക്ഷണം' പരിപാടി വകയില്‍ സ്കൂളുകള്‍ക്ക് സര്‍ക്കാര്‍ നല്‍കേണ്ട കുടിശ്ശിക എത്രയുണ്ടെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത തുക സ്കൂളുകള്‍ക്ക് ഉടനടി നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

'സമ്പൂർണ്ണ' പദ്ധതി

1094 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സമ്പൂർണ്ണ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഏതെല്ലാം എജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കുട്ടികളുടേയും അദ്ധ്യാപകരുടേയും എന്തെല്ലാം വിശദാംശങ്ങളാണ് പ്രസ്തുത പദ്ധതി വഴി ശേഖരിച്ചുവരുന്നത്;

(ഡി) സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ വിവരങ്ങൾ പ്രസ്തുത പദ്ധതിയിൽ കൂടി ശേഖരിക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**13.12.2012-ലെ മറുപടിക്ക്**

<u>'സ്നേഹപൂർവ്വം' പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ</u>

1095 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഐ. സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്നേഹപൂർവ്വം' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികൾക്ക് എന്തെല്ലാം പരിശീലനങ്ങളും സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി പരീക്ഷ ഫീസും മൈഗ്രേഷൻ ഫീസും

1096 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പരീക്ഷാ ഫീസിനോടൊപ്പം മൈഗ്രേഷൻ ഫീസും ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എത്ര രൂപ വീതം ഈടാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(സി) എല്ലാ വിദ്യാർത്ഥികളിൽ നിന്നും ഈ ഫീസ് ഈടാക്കു ന്നുണ്ടോ ;

(ഡി) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി പരീക്ഷ വിജയിക്കുന്ന കുട്ടികളിൽ മൈഗ്രേഷൻ ആവശ്യമായി വരുന്ന കുട്ടികളുടെ ശതമാനം കണക്കാക്കിയിട്ടുണ്ടോ ;

(ഇ) മൈഗ്രേഷൻ ആവശ്യമില്ലാത്ത കുട്ടികളിൽ നിന്ന് ഫീസ് ഈടാക്കുന്നത് ഉചിതമാണോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഹയർ സെക്കണ്ടറി അധികബാച്ചുകൾക്കുള്ള</u>
<u>അദ്ധ്യാപക തസ്തികകൾ</u>

1097 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 അദ്ധ്യായന വർഷത്തിൽ ഹയർ സെക്കണ്ടറി അധിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കാത്തതു മൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ജോലി ചെയ്യുന്നതിനാവശ്യമായ അദ്ധ്യാപകരെ നിശ്ചയിക്കുന്നതിന് ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) അധിക ബാച്ചുകൾ അനുവദിച്ച എയ്ഡഡ് സ്കൂളുകളിൽ മാനേജ്മെന്റ് നിയമിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

ഹയർ സെക്കണ്ടറി - നോൺ ടീച്ചിംഗ് സ്റ്റാഫ് പാറ്റേൺ

1098 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതനുസരിച്ച് നിയമനം നടത്തിയിട്ടുണ്ടോ; പ്രസ്തുത സ്കൂളിൽ ക്ലാർക്ക്, പ്യൂൺ എന്നിവരെ നിയമിക്കാത്തത് മൂലം ഉണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി</u>

1099 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിക്കായി പാചകഗ്യാസ് ലഭ്യമാക്കുന്നതിനുളള സബ്സിഡി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്കൂളിലെ ഉച്ചഭക്ഷണ പരിപാടിയിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഈ പരിഷ്ക്കാരങ്ങൾക്കെതിരെ എന്തെല്ലാം പരാതികളാണ് ഉയർന്നുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; അവ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളും നടപടികളുമാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ

1100 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബാച്ചിൽപ്പെട്ട ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് തിരിച്ചറിയൽ കാർഡ് കൈപ്പറ്റാൻ കഴിയുന്നില്ലെന്നും പഠന സഹായികൾ വിതരണം ചെയ്യുന്നതിൽ കാലതാമസം അനുഭവപ്പെടുന്നുവെന്നുമുളള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്നു വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് ഫീസടയ്ക്കാൻ സാധിക്കുന്നില്ല എന്നതിനാൽ ഇത് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഓപ്പൺ സ്കൂളിലെ ചെലാൻ സമ്പ്രദായം</u>

1101 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഹയർസെക്കന്ററി കോഴ്സിന് രജിസ്റ്റർ ചെയ്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ് ബുക്ക് വില അടയ്ക്കുന്നതിന് ഉണ്ടായിരുന്ന ചെലാൻ സംവിധാനം പന:സ്ഥാപിക്കുമോ;

(ബി) ഇക്കാര്യത്തിൽ ചെലാൻ സംവിധാനം പൂർണ്ണമായും നിർത്തലാക്കുവാനുള്ള സാഹചര്യം വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലുമുള്ള സ്കൂളുകളുടെ വിവരം</u>

1102 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും എത്ര പ്രൈമറി സ്കൂളുകൾ, ഹൈസ്കൂളുകൾ, ഹയർസെക്കൻണ്ടറി സ്കൂളുകൾ എന്നിവ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് പുതിയ ഹയർ സെക്കൻണ്ടറി സ്കൂളുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കന്നുണ്ടോ ?

**കേരള നിയമസഭ**
**13.12.2012-ലെ മറുപടിക്ക്**

<u>അപ്ഗ്രേഡ് ചെയ്ത എൽ.പി., യു.പി. സ്കൂളുകൾ</u>

1103 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അപ്ഗ്രേഡു ചെയ്ത എൽ.പി., യു.പി. സ്കൂളുകൾ എത്ര വീതം, അവ ഏതെല്ലാം ;

(ബി) എത്ര ഹൈസ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ അനുവദിച്ചു ; അവയുടെ പട്ടിക വെളിപ്പെടുത്തുമോ ;

(സി) എൽ.പി. സ്കൂൾ യു.പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്ന നടപടി</u>

1104 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പ്രായ ഏകീകരണം എടുത്തുകളഞ്ഞതുമൂലം റിട്ടയർമെന്റ് ഒഴിവുകളിലുണ്ടാവുന്ന കുറവു പരിഹരിക്കാൻ അദ്ധ്യാപകരുടെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുമെന്ന വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ എത്ര പ്രൈമറി അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ; അവ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഈ ഒഴിവുകൾ നിലവിലെ പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുമോയെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>എയ്ഡഡ് സ്കൂളുകളിലെ നിയമനം പി.എസ്.സിയെ ഏൽപ്പിക്കാൻ നടപടി</u>

1105 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ നിയമനം പി. എസ്.സിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെങ്കിലും സർക്കാരുകൾ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എല്ലാ എയ്ഡഡ് സ്കൂളുകളും സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം ഏതെങ്കിലും സംഘടന ഉയർത്തിയിട്ടുണ്ടോ;

(ഡി) വിദ്യാഭ്യാസം പൂർണ്ണമായും പൊതുമേഖലയിൽ നിലനിർത്തുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

എച്ച്.എസ്. സി. മാതൃകയിൽ ഹ്രസ്വകാല കോഴ്സുകൾ

1106 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീഡിഗ്രി നിർത്തലാക്കിയ അവസരത്തിൽ വേണ്ടത്ര ഹയർ സെക്കന്ററി സ്കൂളുകളും സീറ്റുകളും ഇല്ലാതിരുന്നതുമൂലം എസ്.എസ്.എൽ.സി. പാസ്സായവർക്കും പി.ഡി.സി. പൂർത്തിയാക്കാൻ സാധിക്കാതിരുന്നവർക്കും തുടർ പഠനം സാധ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ പ്രായപരിധി കഴിഞ്ഞവർക്ക് ഭാവിയിൽ ഉന്നത വിദ്യാഭ്യാസത്തിനും, ജോലിക്കും അവസരം സൃഷ്ടിക്കാൻ തമിഴ്നാട് സർക്കാർ നടത്തുന്ന എച്ച്.എസ്.സി. മാതൃകയിലുള്ള ഹ്രസ്വകാല കോഴ്സുകൾ കേരളത്തിലും തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപകരുടെ പെൻഷൻ പ്രായം</u>

1107 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അദ്ധ്യാപകരുടെ പെൻഷൻ പ്രായം മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേതിൽ നിന്നും വ്യത്യസ്തമാണോ; ഓരോ ദക്ഷിണേന്ത്യൻ സംസ്ഥാനത്തെയും അദ്ധ്യാപകരുടെ പെൻഷൻ പ്രായം എത്രയാണെന്ന് അറിയാമോ ;

(ബി) ദക്ഷിണേന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ പെൻഷൻ പ്രായവുമായി സംസ്ഥാനത്തെ അദ്ധ്യാപകരുടേത് ഏകീകരിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പ്രതിപക്ഷ നേതാവിനെതിരായി ഉന്നയിച്ച
ആരോപണങ്ങളെക്കുറിച്ച് അന്വേഷണം</u>

1108 ശ്രീ. പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എം. എ വാഹീദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിനെതിരായി ഉന്നയിച്ച ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്;

(സി) സമിതിയുടെ നിഗമനങ്ങളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതിന്മേൽ വിശദമായ ഒരു അന്വേഷണം നടത്തുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പുതുതായി ആരംഭിക്കുന്ന സി. ബി. എസ്. ഇ. സ്കൂളുകൾ</u>

1109 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സി. ബി. എസ്. ഇ സ്ക്കൂളുകൾക്ക് എൻ. ഒ. സി നൽകിയിട്ടുണ്ട്;

(ബി) സി. ബി. എസ്.ഇ സ്ക്കൂൾ തുടങ്ങുന്നതിന് എൻ. ഒ. സി. ലഭിക്കുന്നതിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ തീരുമാനമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സി. ബി. എസ്. ഇ സ്ക്കൂളുകൾക്ക് എൻ. ഒ. സി നൽകി പ്രോത്സാഹിപ്പിക്കുന്നത്, നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതു വിദ്യാലയങ്ങൾക്ക് ദോഷകരമാണ് എന്ന വിദ്യാഭ്യാസ വിദഗ്ദരുടെ വിലയിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പൊതു വിദ്യാഭ്യാസത്തെ ദോഷകരമായി ബാധിക്കുന്ന ഈ നയം തിരുത്തുന്നതിന് തയ്യാറാകുമോ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കേരളാ സ്റ്റേറ്റ് സ്കില്‍ ഡവലപ്പ്മെന്റ് പദ്ധതി</u>

1110 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴില്‍ കേരളാ സ്റ്റേറ്റ് സ്കില്‍ ഡവലപ്പ്മെന്റ് പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എന്തെല്ലാം പദ്ധതികളാണ് ഇവയ്ക്ക് കീഴില്‍ നടപ്പിലാക്കുവാന്‍ ഉദ്ദേശിക്കുന്നത്;

(സി) NASSCOM മായി ഇത് സംബന്ധിച്ച ധാരണപത്രം കൈമാറിയിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളാണ് NASSCOM ഈ പദ്ധതിയില്‍ നിര്‍വ്വഹിക്കുക എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനു വേണ്ടി തെരഞ്ഞെടുത്ത സ്ക്കൂളുകളില്‍ എന്ന് മുതല്‍ പദ്ധതി പ്രവര്‍ത്തനം നടപ്പിലാക്കി തുടങ്ങാന്‍ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>മലയാളം - നിർബന്ധിത ഒന്നാം ഭാഷ</u>

1111 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കി മാറ്റുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കാമോ ;

(ബി) പുതുതായി തുടങ്ങുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിൽ മലയാളം പഠിപ്പിച്ചില്ലെങ്കിൽ അംഗീകാരം പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) പ്രസ്തുത സ്കൂളുകളിലും മലയാളപഠനം നിർബന്ധമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സി. ബി. എസ്. ഇ. സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ തിരുത്തുന്നതിന് നടപടി</u>

1112 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സി. ബി. എസ്.ഇ സിലബസ് പ്രകാരം പ്രവർത്തിക്കുന്ന സ്കുളുകളിൽ പഠനം പൂർത്തീകരിച്ചവരുടെ യോഗ്യതാസർട്ടിഫിക്കറ്റുകളിൽ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ സി. ബി. എസ്. ഇ. സർട്ടിഫിക്കറ്റുകളുടെ തെറ്റ് തിരുത്തുന്നതിനായി കേരള സംസ്ഥാനത്തിനകത്ത് എന്തെങ്കിലും സംവിധാനം ഉണ്ടോ ; ഇല്ലെങ്കിൽ തെറ്റുകൾ തിരുത്തുന്നതിന് കേരളം കേന്ദ്രമാക്കി സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ സാന്മാർഗ്ഗിക സമിതികൾ</u>

1113 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ സ്വഭാവശുദ്ധിയെക്കുറിച്ചുള്ള രക്ഷിതാക്കളുടെ ആശങ്കയകറ്റാൻ സ്കൂളുകളിൽ സാന്മാർഗ്ഗിക സമിതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതൊക്കെ സ്കൂളുകളാണ് ഇതിന് വേണ്ടി തെരഞ്ഞെടുത്തത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സമിതികൾ കേരളത്തിലെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പ്രീ-പ്രൈമറി അധ്യാപകരുടെ ഓണറേറിയം</u>

1114 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ-പ്രൈമറി അധ്യാപകർക്ക് അയ്യായിരം രൂപ വീതം പ്രതിമാസ ഓണറേറിയം നൽകണമെന്നുള്ള സുപ്രീം കോടതിയുടെ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിധി എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വിധി നടപ്പിലാക്കാൻ കാലവിളംബമുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഏറ്റവും കൂടുതല്‍ വിദ്യാര്‍ത്ഥികളെ പ്രവേശിപ്പിച്ച സ്കൂളുകള്‍ക്ക് സാമ്പത്തിക സഹായം</u>

1115 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-12 അദ്ധ്യയനവര്‍ഷം സംസ്ഥാനത്ത് ഒന്നാം ക്ലാസ്സില്‍ ഏറ്റവും കൂടുതല്‍ വിദ്യാര്‍ത്ഥികള്‍ ചേര്‍ന്ന സ്കൂള്‍ ഏതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലെയും ഏറ്റവും കൂടുതല്‍ കുട്ടികള്‍ ചേര്‍ന്ന സ്കൂളുകളുടെ പേരു വിവരം ലഭ്യമാക്കുമോ;

(സി) ഏറ്റവും കൂടുതല്‍ വിദ്യാര്‍ത്ഥികളെ ചേര്‍ത്ത സ്കൂളുകള്‍ക്ക് മുന്‍വര്‍ഷങ്ങളില്‍ നല്‍കിയത് പോലെ സാമ്പത്തിക സഹായം നല്‍കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ നല്‍കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്കൂളുകൾ</u>

1116 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാതെ സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്ന സ്കൂളുകളിലെ വിദ്യാർത്ഥികളെ സർക്കാർ സ്കൂളുകളിൽ പരീക്ഷ എഴുതിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) സർക്കാർ സ്കൂളുകളിൽ പരീക്ഷ മാത്രം എഴുതിച്ച് മറ്റ് സ്കൂളുകളിലേക്ക് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ടായിരുന്നുവോ; എങ്കിൽ കഴിഞ്ഞ വർഷം ഇത്തരത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുകയും സർക്കാർ സ്കൂളുകളിൽ പരീക്ഷ എഴുതുകയും ചെയ്ത വിദ്യാർത്ഥികൾ എത്ര; ജില്ല തിരിച്ച് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അഡീഷണല്‍ സ്കില്‍ അക്വിസിഷന്‍ പ്രോഗ്രാമിന് സാമ്പത്തിക സഹായം</u>

1117 ശ്രീ. എ. കെ. ബാലന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഡീഷണല്‍ സ്കില്‍ അക്വിസിഷന്‍ പ്രോഗ്രാം (ASAP) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവണ്‍മെന്റിന്റെ സാമ്പത്തിക സഹായം ലഭ്യമാണോ; എങ്കില്‍ എത്ര രൂപയാണ് ലഭിക്കുന്നത്; എത്ര രൂപ ഇതിനകം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്രസഹായമില്ലെങ്കില്‍ ഈ പദ്ധതിക്കുള്ള സാമ്പത്തിക സ്രോതസ്സ് എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയില്‍ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാര്‍ത്ഥികള്‍ ഫീസ് നല്‍കേണ്ടതുണ്ടോ; എങ്കില്‍ അവയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

സ്വാശ്രയ സ്കൂളുകൾക്ക് അംഗീകാരം നല്കുന്നത് സംബന്ധിച്ച്

1118 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സ്കൂളുകൾക്ക് അംഗീകാരം നല്കുന്നത് സംബന്ധിച്ച് കെ.ഇ.ആറിലെ വ്യവസ്ഥകൾ വിശദമാക്കാമോ ;

(ബി) ഇത് സംബന്ധമായ സർക്കാർ നയം വ്യക്തമാക്കുമോ ;

(സി) സർക്കാർ സ്വാശ്രയ മേഖലയിൽ ഏതെങ്കിലും സ്കൂളുകൾക്ക് നിലവിൽ അംഗീകാരം നല്കിയിട്ടുണ്ടോ ; എങ്കിൽ ഏവ ;

(ഡി) എന്തെല്ലാം വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് അനുമതി നല്കിയിരിക്കുന്നത് ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുന്ന നടപടി</u>

1119 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കിക്കൊണ്ടുള്ള ഉത്തരവ് ഈ വർഷം നടപ്പിലാക്കുമോ ;

(ബി) സംസ്ഥാനത്ത് മലയാളത്തിന് പകരം സ്പെഷ്യൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന സ്കൂളുകളിൽ ഏത് ക്ലാസ് മുതൽ മലയാളം പഠിപ്പിച്ചു തുടങ്ങുവാൻ നിർദ്ദേശം നൽകുമെന്നും ഇത് എന്ന് മുതൽ പ്രാബല്യത്തിൽ വരുത്തുമെന്നും വ്യക്തമാക്കുമോ;

(സി) പുതുതായി തുടങ്ങുന്ന സി.ബി.എസ്.ഇ ഐ.സി.എസ്.ഇ സ്കൂളുകൾ മലയാളം പാഠ്യവിഷയമാക്കിയില്ലെങ്കിൽ അവയ്ക്ക് അംഗീകാരം നൽകുമോ ;

(ഡി) നിലവിലുള്ള ഇത്തരം സ്കൂളുകളിൽ മലയാളം പഠിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകൽ</u>

1120 ശ്രീ. ജെയിംസ് മാത്യു
ശ്രീ. രാജു എബ്രഹാം
ശ്രീ. ബി. സത്യൻ
ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് പുതുതായി നിലവിൽ വന്ന നിബന്ധനകൾ കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന് ആധാരമായി കോടതി ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്താണ്; ഇക്കാര്യം പരിശോധിക്കുകയുണ്ടായോ ; ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ ;

(സി) ഹൈക്കോടതിയിലെ കേസിൽ സർക്കാർ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്ര സി.ബി.എസ്.ഇ സ്കൂളുകൾക്ക് ഇതിനകം അംഗീകാരം നൽകുകയുണ്ടായി ; അപ്പീൽ നൽകുവാനും അതിന്മേൽ തീരുമാനം വരുന്നതുവരെ പുതിയ സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകാതിരിക്കാനും തയ്യാറാകുമോ ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനം</u>

1121 ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ച് ഒരു പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ ഹയർ സെക്കന്ററി സിലബസ് കാലഹരണപ്പെട്ടതാണെന്നും, ഇംഗ്ലീഷിന്റെ നിലവാരം ദയനീയമാണെന്നുമുള്ള പ്രസ്തുത സമിതിയുടെ കരട് റിപ്പോർട്ടിലെ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സമിതിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി</u>

1122 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളും എയ്ഡഡ് സ്കൂളുകളും അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുവാൻ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്;

(ഡി) അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം പിൻവലിക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>അനാദായകരമായ സ്കൂളുകൾ</u>

1123 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദായകരമല്ലാത്ത സ്കൂളുകളുടെ നിർവ്വചനത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) എന്ന് മുതലാണ് ഈ മാറ്റങ്ങൾ പ്രാബല്യത്തിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഇതു മൂലം നിർത്തലാക്കുന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം പഠനസൗകര്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സർക്കാർ അന്ധ-ബധിര വിദ്യാലയങ്ങൾ</u>

1124 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അധീനതയിൽ എത്ര അന്ധ-ബധിര വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണ്;

(ബി) 2000-2012 വരെയുള്ള കാലയളവിൽ എത്ര വിദ്യാർത്ഥികൾ മരണപ്പെട്ടിട്ടുണ്ട്; മരണകാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥികളെ പീഡിപ്പിച്ചുവെന്ന പരാതിയിന്മേൽ എത്ര കേസുകൾ നിലവിലുണ്ട്; അവ ഏതെല്ലാമാണ്;

(ഡി) വാർഡന്റെയും കൂടി ചുമതലയുള്ള ഹെഡ്മാസ്റ്റർമാർക്ക് സ്ക്കൂളിനോടനുബന്ധിച്ച് ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുണ്ടോ;

(ഇ) ഇവർ രാത്രികാലങ്ങളിൽ ക്വാർട്ടേഴ്സിൽ താമസിച്ച് വിദ്യാർത്ഥികളുടെ സംരക്ഷണ ചുമതല നിർവ്വഹിക്കുന്നുണ്ടോ; ഇല്ലാത്തവർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) സംസ്ഥാനത്തെ എല്ലാ സർക്കാർ അന്ധ-ബധിര വിദ്യാലയങ്ങളിലും അനുബന്ധ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സൗജന്യ യൂണിഫോം പദ്ധതി</u>

1125 ശ്രീ. റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ അദ്ധ്യയന വര്‍ഷം മുതല്‍ ഗവണ്‍മെന്റ് വിദ്യാലയങ്ങളിലെ പെണ്‍കുട്ടികള്‍ക്ക് മാത്രമായി പരിമിതപ്പെടുത്തിയ സൗജന്യ യൂണിഫോം പദ്ധതി ആണ്‍കുട്ടികള്‍ക്കുകൂടി ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കില്‍ ഗവണ്‍മെന്റ് സ്ക്കൂളുകളില്‍ ആണ്‍കുട്ടികള്‍ക്ക് യൂണിഫോം വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) സര്‍ക്കാര്‍ സ്ക്കൂളുകളെ പോലെ പ്രവര്‍ത്തിക്കുന്ന എയ്ഡഡ് സ്ക്കൂളുകള്‍ക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതി അടുത്ത അദ്ധ്യായന വര്‍ഷം മുതല്‍ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ഡി) സൗകര്യം ലഭ്യമല്ലാത്ത കാരണത്താല്‍ മാത്രം എയ്ഡഡ് സ്കൂളുകളെ ആശ്രയിക്കേണ്ടിവരുന്ന കുട്ടികളോട് വിവേചനം ഒഴിവാക്കുന്നതിന് എയ്ഡഡ് സ്ക്കൂളുകളിലും അടുത്ത അദ്ധ്യായന വര്‍ഷ് മുതല്‍ സൗജന്യ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

അദ്ധ്യാപകരുടെ അതിരുവിട്ട സംഘടനാ പ്രവര്‍ത്തനങ്ങള്‍

1126 ശ്രീ. കെ.എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ അദ്ധ്യാപകരുടെ അതിരുവിട്ട സംഘടനാ പ്രവര്‍ത്തനങ്ങള്‍ക്ക് തടയിടുന്നതിനും വിദ്യാഭ്യാസം കൂടുതല്‍ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(ബി) ക്ലാസ്സു സമയത്തുള്ള സംഘടനാ പ്രവര്‍ത്തനം നിയന്ത്രിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

**സ്കൂൾ പുസ്തകം അധികമായി അച്ചടിച്ച വകയിൽ ഖജനാവിന് വന്ന അധിക ചെലവ്**

1127 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 അധ്യയനവർഷം സ്കൂൾ പുസ്തകം അധികമായി അച്ചടിച്ച വകയിൽ ഖജനാവിന് എന്ത് തുകയുടെ അധിക ചെലവ് വന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13ൽ ഒന്നുമുതൽ പത്ത് വരെ ക്ലാസ്സുകളിലേയ്ക്ക് എത്ര ലക്ഷം പുസ്തകങ്ങളാണ് അധികമായി അച്ചടിച്ചത്; വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥരുടെ അനാസ്ഥയെയാണോ ഇത് സൂചിപ്പിക്കുന്നത്; വിശദമാക്കുമോ;

(ഡി) സൗജന്യ പാഠപുസ്തകം നൽകിയ വകയിൽ 2012-13 അധ്യയനവർഷം സർക്കാർ എന്ത് തുക ചെലവഴിച്ചു;

(ഇ) സൗജന്യ യൂണിഫോം നൽകിയ വകയിൽ 2012-13 അധ്യയനവർഷം സർക്കാർ എന്ത് തുക ചെലവഴിച്ചു;

(എഫ്) എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾ കൂടി 2013-14 അധ്യയനവർഷം സൗജന്യ യൂണിഫോം നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ജി) ഇപ്പോൾ പാഠപുസ്തകവിതരണം ഏത് ഏജൻസി മുഖേനയാണ് നടത്തുന്നത്;

(എച്ച്) സംസ്ഥാന ബഡ്ജറ്റിൽ എത്ര ശതമാനം തുക 2012-13 അധ്യയനവർഷം ചിലവഴിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പിന് മാറ്റിവച്ചു. ആയതിൽ ഇതു വരെ എത്ര തുക ചെലവഴിച്ചു; പ്രസ്തുത തുക കൃത്യമായി വിനിയോഗിക്കുന്നുണ്ടോയെന്ന് വിലയിരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വെബ് പോർട്ടൽ അധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി</u>

1128 ശ്രീ. പാലോട് രവി
,, പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെബ് പോർട്ടൽ അധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പ്രയോജനങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം ഏജൻസിവഴി ഏതെല്ലാം ക്ലാസ്സുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

അൺഎയ്ഡഡ്, സി.ബി.എസ്.ഇ സ്കൂൾ മാനേജ്മെന്റുകളുടെ ചൂഷണം

1129 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺഎയ്ഡഡ്, സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ മാനേജ്മെന്റുകളുടെ ചൂഷണത്തിന് വിധേയമാകുന്നുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിനായി സേവനവേതന വ്യവസ്ഥകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഈ വിദ്യാലയങ്ങളിൽ അദ്ധ്യാപക നിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനും വൻകോഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ വികസന പദ്ധതി</u>

1130 ശ്രീ. ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(സി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഏതെല്ലാം തരം സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>തൊഴിൽ നൈപുണ്യ കോഴ്സുകൾ</u>

1131 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ജോസഫ് വാഴക്കൻ
,, എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും തൊഴിൽ നൈപുണ്യ കോഴ്സുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ :

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഏതെല്ലാം തലത്തിലാണ് നടപ്പാക്കുന്നത് എന്നിവ വിശദമാക്കുമോ ;

(സി) ഏതെല്ലാം സ്കൂളുകളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അദ്ധ്യാപക പരിശീലന പരിപാടികൾ</u>

1132 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പരിശീലനത്തിനായി ഈ വർഷം സ്വീകരിച്ച പുതിയ രീതികൾ വ്യക്തമാക്കുമോ ;

(ബി) ഇതിനായി ബാഹ്യ ഏജൻസികളുടെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) പ്രവൃത്തി ദിവസങ്ങളിൽ അദ്ധ്യാപക പരിശീലനം നടക്കുമ്പോൾ കുട്ടികളുടെ പഠനം മുടങ്ങാതിരിക്കാൻ ടീച്ചേഴ്സ് ബാങ്കിന്റെ പ്രയോജനം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളിലെ സംരംഭക മികവ്</u>

1133 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിലെ സംരംഭക മികവ് പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) വിദ്യാർത്ഥികളുടെ സംരംഭക മികവ് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണ് ; വ്യക്തമാക്കുമോ ;

(ഇ) വിദ്യാർത്ഥികളായ സംരംഭകർക്ക് എന്തെല്ലാം ഇളവുകളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം</u>

1134 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ ഏത് രീതിയിലുള്ള പ്രവൃത്തി പരിചയമാണ് ഉദ്ദേശിക്കുന്നത് ;

(സി) എ. എസ്. എ. പി. നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് എത്ര സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് ;

(ഡി) പ്രസ്തുത പ്രോഗ്രാമിന്റെ നടത്തിപ്പിനായി ഹയർ സെക്കന്ററി തലത്തിൽ ഇതുവരെ ഏതെങ്കിലും തരത്തിലുള്ള ട്രെയിനിംഗ് കൊടുത്തിട്ടുണ്ടോ;

(ഇ) പ്രസ്തുത പ്രോഗ്രാം അഖിലേന്ത്യാതലത്തിലുള്ളതാണോ അഥവാ സംസ്ഥാന സർക്കാരിന്റേതുമാത്രമായ പദ്ധതിയാണോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ നഴ്സറി അധ്യാപകരും ആയമാരും</u>

1135

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ സർക്കാർ ശമ്പളമോ അലവൻസോ കൈപ്പറ്റി ജോലി നോക്കി വരുന്ന നഴ്സറി അധ്യാപകരുടെയും ആയമാരുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(ബി) സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ നഴ്സറി അധ്യാപകരായും ആയമാർ ആയും ജോലി നോക്കി വരുന്നവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) നഴ്സറി അധ്യാപകർക്കും ആയമാർക്കും മെച്ചപ്പെട്ട ശമ്പളം നൽകണമെന്ന ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായോ; അതിന് പ്രേരിപ്പിച്ച ഘടകങ്ങൾ എന്തായിരുന്നു; സുപ്രീം കോടതി നൽകിയ നിർദ്ദേശം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) കോടതി നിർദ്ദേശം പൂർണ്ണമായും എപ്പോൾ നടപ്പിലാക്കും?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ഓരോ ജില്ലയിലും നിലവിലുള്ള സ്കൂളുകളുടെ എണ്ണം

1136

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ റവന്യൂ ജില്ലയിലും പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ പഠനത്തിനുള്ള ഏജ് ഗ്രൂപ്പിൽ എത്ര കുട്ടികളുണ്ടെന്നതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഓരോ ജില്ലയിലും ഓരോ തലത്തിലും നിലവിലുള്ള സ്കൂളുകളുടെ എണ്ണവും ലഭ്യമായ ഡിവിഷനുകളുടെ എണ്ണവും സംബന്ധിച്ച കണക്ക് നൽകുമോ ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്കൂൾതല പഠന സീറ്റ് ലഭ്യത</u>

1137 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി തലം വരെയുള്ള ഏജ് ഗ്രൂപ്പിൽ ഓരോ ജില്ലയിലും എത്ര കുട്ടികൾ ഉണ്ടെന്നതിന്റെ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ എന്നീ പഠനതലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഓരോ ജില്ലയിലും എത്ര സ്കൂളുകൾ ഉണ്ടെന്നും, അവയിൽ ഓരോ പഠനതലത്തിലും എത്ര സീറ്റുകൾ ഉണ്ടെന്നതിന്റെയും കണക്ക് വ്യക്തമാക്കുമോ ;

(സി) കേരള ഡവലപ്മെന്റ് റിപ്പോർട്ട് ഇൻഡക്സ് പ്രകാരം ഓരോ ജില്ലയിലുമുള്ള കുട്ടികൾക്ക് അവരവരുടെ ഏജ് ഗ്രൂപ്പനുസരിച്ച് പഠനം നടത്താനാവശ്യമായ സീറ്റുകൾ അതത് ജില്ലയിൽ ലഭ്യമാണോ ; ലഭ്യമല്ലാത്ത ജില്ലകളുണ്ടെങ്കിൽ അത് ഏതെല്ലാമാണ് ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്വാശ്രയ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് അംഗീകാരം</u>

1138 ശ്രീ.കെ.വി.അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും സ്വാശ്രയ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് അംഗീകാരം നല്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം സ്കൂളുകൾക്ക് ഏതെല്ലാം സർക്കാർ ഉത്തരവുകളിലൂടെയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

## ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യത

1139 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ അസിസ്റ്റന്റ് ഫിസിക്കൽ സയൻസ് (മലയാളം മീഡിയം) തസ്തികയിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇവയിൽ എത്ര ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തു; ശേഷിക്കുന്ന ഒഴിവുകൾ ഉടൻ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുമോ;

(ബി) ഹൈസ്കൂൾ അസിസ്റ്റന്റ് (ഫിസിക്കൽ സയൻസ്) തസ്തികയുടെ യോഗ്യതയായ ബി.എസ്.സി. കെമിസ്ട്രിക്ക് തുല്യമായി ബി.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി (വൊക്കേഷണൽ) കൂടി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

## മലപ്പുറത്തെ സ്കൂളുകളുടെ എയ്ഡഡ് പദവി

1140

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്തെ 33 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ സർക്കാരിന്റെ അന്തിമ തീരുമാനവും അത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവും ആയിട്ടുണ്ടോ; എങ്കിൽ ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എയ്ഡഡ് പദവി നൽകുമ്പോൾ ഉള്ള അധിക ബാധ്യത സംബന്ധിച്ച് ബന്ധപ്പെട്ട ഫയലിലെ ധനകാര്യ വകുപ്പിന്റെ നിലപാട് എന്തായിരുന്നു; വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

റീജിയണൽ ഓഫീസിലെ ജോലിഭാരം

1141 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ പ്രവർത്തിക്കുന്ന കാസർഗോഡ്, കണ്ണൂർ ജില്ലകൾക്കായുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ റീജിയണൽ ഓഫീസിൽ ജീവനക്കാരുടെ കുറവുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) റീജിയണൽ ഓഫീസിലെ ജോലിഭാരം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(സി) ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

കോഴിക്കോട്, എറണാകുളം ആർ.ഡി.ഡി. കളുടെ കീഴിൽ പുതുതായി ആരംഭിച്ച സ്കൂളുകൾ

1142

## ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗത്തിൽ കോഴിക്കോട്, എറണാകുളം ആർ.ഡി.ഡി. കളുടെ കീഴിൽ പുതുതായി ആരംഭിച്ച സ്കൂളുകളിൽ എത്ര അധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചു എന്നും എന്നു മുതൽക്കാണ് ഇവർക്ക് ശമ്പളവും നിയമനവും നൽകിയതെന്നും വ്യക്തമാക്കുമോ;

(സി) സ്ഥിര നിയമനം ലഭിച്ച അധ്യാപകർക്ക് അവധിക്കാല ശമ്പളം ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; ഇതു സംബന്ധിച്ച കെ.ഇ.ആർ. വ്യവസ്ഥ വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് ആർ.ഡി.ഡി. യുടെ കീഴിൽ പുതുതായി നിയമനം ലഭിച്ച അധ്യാപകരിൽ അവധിക്കാല ശമ്പളം ലഭിച്ചവരുടെയും ലഭിക്കാത്തവരുടെയും കണക്കുകൾ വ്യക്തമാക്കുമോ; ഇതേ കാലയളവിൽ നിയമനം ലഭിച്ച സർക്കാർ സ്കൂളുകളിലേയും എറണാകുളം ആർ.ഡി.ഡി.യുടെ കീഴിലുള്ള സ്കൂളുകളിലേയും അധ്യാപകർക്ക് അവധിക്കാല ശമ്പളം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വ്യത്യസ്ത നിലപാട് കോഴിക്കോട് ആർ.ഡി.ഡി.യിലെ അക്കൗണ്ട്സ് ഓഫീസർ സ്വീകരിച്ചതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) അക്കൗണ്ട്സ് ഓഫീസർ പ്രസ്തുത അധ്യാപകർ കൈപ്പറ്റിയ അവധിക്കാല ശമ്പളം തിരിച്ചടക്കണമെന്ന് ഉത്തരവ് കൊടുക്കുകയോ അധ്യാപകരിൽ നിന്ന് എന്തെങ്കിലും എഴുതി വാങ്ങുകയോ ചെയ്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ കെ.ഇ.ആർ. റൂളിന് വിരുദ്ധമായി ഉത്തരവ് നൽകിയ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കായികാദ്ധ്യാപകൻ സർക്കാരിലേക്ക് അടയ്ക്കാനുള്ള തുക</u>

1143 ശ്രീമതി. കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര വിദ്യാഭ്യാസ ജില്ല നിരപ്പറ്റ ആർ.എൻ.എം. ഹയർ സെക്കന്ററി സ്കൂളിലെ കായികാദ്ധ്യാപകനായിരുന്ന ശ്രീ. കെ. പ്രദീപൻ സർക്കാരിലേക്ക് എന്തെങ്കിലും തുക അടക്കുവാനുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏത് കാലയളവിൽ ഉളളതാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ പ്രസ്തുത അദ്ധ്യാപകൻ സ്ക്കൂളിൽ ജോലി ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത അദ്ധ്യാപകന് ഈ കാലയളവിൽ എന്തെല്ലാം ആനുകൂല്യങ്ങൾക്കാണ് അർഹതയുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ സര്‍ക്കാര്‍ വിദ്യാലയങ്ങളില്‍ ജോലി ചെയ്യുന്ന ദിവസവേതനക്കാര്‍</u>

1144 ശ്രീ.കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കാസര്‍ഗോഡ് ജില്ലയിലെ സര്‍ക്കാര്‍ വിദ്യാലയങ്ങളില്‍ ദിവസവേതനത്തില്‍ എത്രപേര്‍ ജോലി ചെയ്യുന്നുണ്ടെന്നും, ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്നും വര്‍ഷങ്ങളായി ജോലി ചെയ്യുന്ന എത്ര പേര്‍ ഉണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

എച്ച്.എസ്.എസ്.റ്റി (ബോട്ടണി) ഒഴിവുകൾ

1145 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. അധ്യാപകരിൽ നിന്നും ബൈട്രാൻസ്ഫർ വഴി എസ്.എസ്.എസ്.റ്റി ജൂനിയർ, സീനിയർ (ബോട്ടണി) സബ്ജക്ടിൽ നിയമനം നൽകുന്നതിന് 15-11-2012-ൽ പ്രസിദ്ധികരിച്ച പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റിൽ നിലവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ബോട്ടണിയിൽ ജോലി ചെയ്യുന്നവരെ ഉൾപ്പെടുത്തിയത് ഏത് ഓർഡറിന്റെ അടിസ്ഥാനത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ആയി ജോലി ചെയ്യുന്നവർ സീനിയോറിറ്റി ലിസ്റ്റിൽ ആദ്യ റാങ്കുകളിൽ വരുകയും തുടർന്ന് റീലിംഗ്വിഷ് ചെയ്യുകയും ചെയ്യുമ്പോൾ നിയമന നടപടികളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

(സി) 1.08.2008 മുതൽ 13.03.2012 വരെ എച്ച്.എസ്.എസ്.റ്റി. ബോട്ടണി നിയമനത്തിനായി സീനിയർ ആന്റ് ജൂനിയർ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ആകെ എത്ര വേക്കൻസിയാണ് ബൈട്രാൻസ്ഫർ വഴി നിയമനത്തിനായി മാറ്റി വച്ചിട്ടുളളത്;

(ഡി) നിലവിൽ സംസ്ഥാനത്ത് എച്ച്.എസ്.എസ്.റ്റി. ജൂനിയർ ബോട്ടണിയിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ചവരുടേയും ബൈട്രാൻസ്ഫർ വഴി നിയമനം ലഭിച്ചവരുടേയും എണ്ണം വ്യക്തമാക്കാമോ?

(ഇ) എച്ച്.എസ്.എസ്.റ്റി.യിൽ ബൈട്രാൻസ്ഫർ നിയമനത്തിന് ഇപ്പോൾ എത്ര വേക്കൻസി നിലവിലുണ്ട്; ജൂനിയർ/സീനിയർ കണക്ക് വ്യക്താമാക്കുമോ;

(എഫ്) കേരളത്തിൽ എച്ച.എസ്.എസ്.റ്റി. ബോട്ടണിയുടെ ജൂനിയർ/സീനിയർ സാങ്ഷൻഡ് പോസ്റ്റ് എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>മലയാളം മീഡിയം ഹൈസ്കൂൾ അനുവദിക്കുന്നതിന് നടപടി</u>

1146 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ വൊർക്കാടി , മീഞ്ച എന്നീ പഞ്ചായത്തുകളിൽ മലയാളം മീഡിയം ഹൈസ്കുൾ ഇല്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഹൈസ്കൂളുകളായി ഉയർത്തിയ യു. പി. സ്കൂളുകൾ</u>

1147 ശ്രീ. വി ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിൽ എത്ര യു. പി. സ്കൂളുകളെയാണ് ഹൈസ്കൂളുകളായി ഉയർത്തിയിട്ടുള്ളത് ;

(ബി) നെന്മാറ മണ്ഡലത്തിലെ എത്ര യു. പി. സ്കൂളുകളെയാണ് ഹൈസ്കൂളാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; ആയത് എന്ന് നടപ്പിൽ വരുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

ഹോസ്റ്റൽ നിർമ്മാണത്തിനുള്ള നടപടി

1148 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഈസ്റ്റ് ഗേൾസ് സ്കൂളിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ട്രൈബൽ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുളള ഹോസ്റ്റൽ പുതുക്കി നിർമ്മിക്കുന്നതിനായി, സ്കൂളിന്റെ ഭൂമി വിട്ടു കിട്ടുന്നതിനുള്ള ട്രൈബൽ വകുപ്പിന്റെ അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഹോസ്റ്റൽ നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

**<u>തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിലെ ഹയർ സെക്കന്ററി സ്കൂളുകളുടെ വിശദവിവരം</u>**

1149 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി കോഴ്സിന് സീറ്റ് ലഭിക്കാൻ സാധ്യത കുറവുള്ള തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ പ്രസ്തുത കുറവു പരിഹരിക്കാൻ ഏതെല്ലാം സ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചുവെന്നും, ഏതെല്ലാം സ്കൂളുകളിൽ പുതിയ ഡിവിഷനുകളിൽ പുതിയ ബാച്ചുകൾ അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ മുതൽ വടക്കോട്ടുള്ള ജില്ലകളിൽ എത്ര സീറ്റുകൾ പുതുതായി ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ</u>

1150 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. എം. എസ്. എ യുടെ കീഴിൽ ഏതെല്ലാം വിദ്യാലയങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അപ്ഗ്രേഡ് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നത്;

(സി) ഇനിയും വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; താനൂർ നിയോജകമണ്ഡലത്തിലെ മീനടത്തൂർ ജി. എം. യു. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നാണ് വിശദമാക്കാമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

മലബാർ മേഖലയിൽ 2009-10 വർഷത്തിൽ അനുവദിച്ച ഹയർസെക്കന്ററി സ്കൂളുകൾ

1151 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ 2009-10 വർഷത്തിൽ എത്ര പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ ; ഇതിൽ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും എത്രവീതം എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(സി) പുതുതായി ആരംഭിച്ച സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട് ; എന്നു മുതൽക്കാണ് ഈ തസ്തിക അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്കൂളുകളിൽ അദ്ധ്യാപകേതര തസ്തികകൾ അനുവദിച്ചിട്ടുണ്ടോ എന്നും എങ്കിൽ എന്നു മുതൽ എത്ര തസ്തികകൾ അനുവദിച്ചു എന്നും വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) സർക്കാർ സ്കൂളുകളിൽ പ്രസ്തുത തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഹയർ സെക്കന്ററി സ്കൂളുകളിൽ പ്യൂൺ, ക്ലാർക്ക്, സ്വീപ്പർ, തസ്തികകൾ നിലവിലുണ്ടോ ;ഇല്ലെങ്കിൽ ഈ ജോലികൾ ചെയ്യേണ്ടത് ആരാണെന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് ഉത്തരവുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ജി) ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രസ്തുത തസ്തികകൾ അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

റിപ്പൺ എസ്റ്റേറ്റ് എൽ. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

1152 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ റിപ്പൺ എസ്റ്റേറ്റ് എൽ. പി. സ്ക്കൂൾ അപ്പർ പ്രൈമറിയായി അപ്ഗ്രേഡ് ചെയ്യുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് വിവിധ വകുപ്പുകളിലായി ഏതെല്ലാം ഫയലുകളാണ് നിലവിലുളളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിലെ കാലതാമസം എന്തെന്ന് വിശദമാക്കുമോ;

(ഡി) റിപ്പൺ എസ്റ്റേറ്റ് എൽ. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>കാവാലം ടെക്നിക്കൽ ഹൈസ്ക്കൂൾ</u>

1153 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാവാലം ടെക്നിക്കൽ ഹൈസ്കൂൾ തെക്കേക്കര ഗവൺമെന്റ് ഹൈസ്ക്കൂളിലേക്ക് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>സ്കൂളുകളിലെ മൂത്രപ്പുരകൾ</u>

1154 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് മൂത്രപ്പുര സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലെ നിയമമനുസരിച്ച് എത്ര കുട്ടികൾക്കാണ് ഒരു മൂത്രപ്പുര എന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ സ്കൂളുകളിലും കുട്ടികൾക്കുള്ള മൂത്രപ്പുര സൗകര്യങ്ങൾ ആവശ്യത്തിനുണ്ടെന്ന് ഉറപ്പ് വരുത്തുമോ;

(ഡി) സ്കൂളുകളിൽ ഇതിനെ സംബന്ധിച്ച് പരിശോധന നടത്തുവാൻ ഹെൽത്ത് സ്ക്വാഡുകൾ രൂപീകരിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പുകയില വിമുക്ത വിദ്യാലയങ്ങൾ</u>

1155 ശ്രീ. പാലോട് രവി
,, വി. ഡി. സതീശൻ
,, ഷാഫി പറമ്പിൽ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾ പുകയില വിമുക്തമാക്കുന്നതിന് എന്തെല്ലാം കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഭരണതലത്തിൽ നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) വിദ്യാർത്ഥികൾക്കിടയിൽ ഇതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടോ; എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം മോണിറ്ററിംഗ് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കേന്ദ്രസഹായം

1156 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് കഴിഞ്ഞ സാമ്പത്തിക വര്‍ഷം ലഭിച്ചതെന്ന് വിശദമാക്കുമോ;

(ബി) ധനസഹായം ലഭിച്ചിട്ടുണ്ടെങ്കില്‍ ഓരോ ജില്ലയിലും ചെലവഴിച്ചതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) കോഴിക്കോടു ജില്ലയില്‍ ഏതെല്ലാം വിദ്യാലയങ്ങളിലാണ് ഈ പദ്ധതി പ്രകാരം തുക ചെലവഴിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സ്കിൽ അപ്ഗ്രഡേഷൻ പദ്ധതി</u>

1157 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വയനാട് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് 'സ്കിൽ അപ്ഗ്രഡേഷൻ പദ്ധതി' നടപ്പാക്കുന്നതെന്നതിന്റെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്ക് പ്രസ്തുത സ്കൂളുകളെ തെരഞ്ഞെടുത്തുകൊണ്ടുള്ള കത്തിന്റെ/സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

വൈപ്പിൻ നിയോജക മണ്ഡലത്തിലെ സർക്കാർ സ്കൂൾ

1158 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതും, ശോചനീയാവസ്ഥയിൽ പ്രവർത്തിക്കുന്നതുമായ യു.പി./എൽ.പി വിഭാഗം സർക്കാർ സ്കൂളുകളുടെ വിവരം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ മാനദണ്ഡപ്രകാരം ടോയ്ലെറ്റ്, മൂത്രപ്പുര, കുടിവെള്ളം എന്നിവ ലഭ്യമല്ലാത്തവയുടെ വിവരം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിദ്യാലയങ്ങളുടെ നവീകരണത്തിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ഏറ്റവും കൂടുതൽ സാക്ഷരതയുള്ള പ്രദേശം

1159 ശ്രീ. സി. എഫ് തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011ലെ സെൻസസിന്റെ പ്രൊവിഷണൽ രേഖകളനുസരിച്ച് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ സാക്ഷതയുള്ള പ്രദേശമായി ചങ്ങനാശ്ശേരി നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേരള സ്റ്റേറ്റ് ലിറ്ററസി മിഷനും സംസ്ഥാന ഗവൺമെന്റിനും ലഭ്യമായ വിവരങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>കായികാദ്ധ്യാപകനെതിരെയുള്ള റവന്യൂ റിക്കവറി</u>

1160 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര വിഭ്യാഭ്യാസ ജില്ല നരിപ്പറ്റ ആർ.എൻ.എം. ഹയർ സെക്കന്ററി സ്ക്കൂളിലെ കായികാദ്ധ്യാപകനായിരുന്ന ശ്രീ. കെ. പ്രദീപിനെതിരെ വിദ്യാഭ്യാസ വകുപ്പ് റവന്യൂ റിക്കവറി നടപടികൾക്കായി റവന്യൂ വകുപ്പിനെ ബന്ധപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധമായി പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ തെറ്റായ മറുപടി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) തെറ്റായ മറുപടി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) റവന്യൂ റിക്കവറിക്ക് റവന്യൂ വകുപ്പിന് നൽകിയ അപേക്ഷ വിദ്യാഭ്യാസ വകുപ്പ് പിൻവിലച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ:

(ഇ) ഇല്ലെങ്കിൽ പിൻവലിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

കാര്യവട്ടത്തെ ദേശീയ ഗയിംസ് സ്റ്റേഡിയം

1161 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കാര്യവട്ടത്ത് ദേശീയ ഗയിംസ് സ്റ്റേഡിയം പണി നടക്കുന്ന പ്രദേശം സ്പെഷ്യൽ ഇക്കണോമിക് സോണായിട്ട് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഫലമായി ആ പ്രദേശത്തെ തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും ഹനിക്കപ്പെടുന്നതായ പരാതികൾ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012–ലെ മറുപടിക്ക്

**കണ്ണൂർ ജില്ലയിലെ ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്ച്വറൽ സയൻസ്) ഒഴിവുകൾ**

1162 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്ച്വറൽ സയൻസ്) തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ തീയതി വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

**കേരള നിയമസഭ**
**13.12.2012-ലെ മറുപടിക്ക്**

<u>അമ്പലപ്പുഴ മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ്സ് മുറികൾ</u>

1163 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര സ്കൂളുകളിലാണ് സ്മാർട്ട് ക്ലാസ് മുറികൾ അനുവദിച്ചിട്ടുള്ളത്; അവ ഏതെല്ലാം സ്കൂളുകളിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

ഐ.ഇ.ഡി അദ്ധ്യാപകർ ജോലി ചെയ്യുന്ന സ്കൂളുകൾ

1164 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയിൽ ഐ.ഇ.ഡി അദ്ധ്യാപകർ ജോലിചെയ്യുന്ന സ്കൂളുകൾ ഏതെല്ലാമാണെന്നും അവിടെ എത്ര കുട്ടികൾ വീതം പഠിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഐ.ഇ.ഡി അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന മാനസിക വൈകല്യമുള്ള കുട്ടികളുടെ ഉന്നമനത്തിന് എന്തൊക്കെ സഹായങ്ങളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) മാനസിക വൈകല്യമുള്ള കുട്ടികൾ മാതാപിതാക്കൾക്ക് ഐ.ഇ.ഡി അദ്ധ്യാപക യോഗ്യതയുണ്ടെങ്കിൽ അവരെ ഐ.ഇ.ഡി അദ്ധ്യാപകരായി നിയമിക്കുന്നതിന് മുൻഗണനയുണ്ടോ ;

(ഇ) ഐ.ഇ.ഡി അദ്ധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പ്ലസ് ടു കോഴ്സുകൾ ഇല്ലാത്ത സ്കൂളുകൾ</u>

1165 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ നിലവിൽ പ്ലസ് ടു കോഴ്സ് ഇല്ലാത്ത സ്കൂളുകൾ ഏതൊക്കെയാണ് ;

(ബി) പ്രസ്തുത സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ആയത് എപ്പോൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>പ്ലസ് ടു അനുവദിക്കുന്നത് സംബന്ധിച്ച്</u>

1166 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ ഗവൺമെന്റ് / എയ്ഡഡ് / അൺ എയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടു ബാച്ച് നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത്സ്യത്തൊഴിലാളികളും കയർ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന തൈക്കാട്ടുശ്ശേരി പഞ്ചായത്തിലെ തേവർവട്ടം ഹൈസ്കൂളിൽ പ്ലസ് ടു അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

2012 -2013 വര്‍ഷത്തെ മെഡിക്കല്‍/എഞ്ചിനീയറിംഗ് പ്രവേശനം

1167 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2012 -13 വര്‍ഷത്തെ മെഡിക്കല്‍/എഞ്ചിനീയറിംഗ് തുടങ്ങിയ കോഴ്സുകള്‍ക്കുള്ള പ്രവേശനം പൂര്‍ണ്ണമായും സംവരണം പാലിച്ചുതന്നെയാണോ നടത്തിയിട്ടുള്ളത്; സംവരണതത്വം പാലിക്കാത്തതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) മെരിറ്റിലുള്ള സീറ്റുകളില്‍ പേയ്മെന്റ് സീറ്റ് എന്ന നിലയില്‍ പ്രവേശനം നടത്തിയിട്ടുണ്ടോ; ഇക്കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശങ്ങളും ഇക്കാര്യത്തില്‍ സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഏകീകൃത എൻട്രൻസ് പരീക്ഷ</u>

1168 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏകീകൃത എൻട്രൻസ് പരീക്ഷ എന്ന നിലപാട് കേരള സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

മെഡിക്കൽ പഠന പ്രവേശനത്തിനുള്ള മാനേജ്മെന്റ് സീറ്റുകൾ

T1169 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പ്രവേശനത്തിന് സംസ്ഥാന അലോട്ട്മെന്റുകൾക്ക് ശേഷം ഒഴിവ് വരുന്ന സീറ്റുകൾ മാനേജ്മെന്റ് സീറ്റുകൾ ആയി പരിഗണിക്കുമെന്ന് സ്വാശ്രയ മാനേജ്മെന്റുകളുമായി കരാറിൽ ഏർപ്പെട്ടിരുന്നോ; എങ്കിൽ എപ്പോൾ; ഏത് ഉത്തരവ് പ്രകാരം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാർ പ്രകാരം ഏതെല്ലാം സ്വാശ്രയ കോളേജുകൾക്ക് എത്ര സീറ്റ് ലഭിക്കുകയുണ്ടായി;

(സി) ഒടുവിലത്തെ സംസ്ഥാന മെഡിക്കൽ എൻട്രൻസ് ലിസ്റ്റിൽ നിന്ന് ഏതെല്ലാം ഘട്ടങ്ങളിലായി ഏതെല്ലാം തീയതികൾക്കകം പ്രവേശനം നടത്തുകയുണ്ടായി;

(ഡി) ഓൾ ഇന്ത്യ മെഡിക്കൽ അലോട്ട്മെന്റിന് മുൻപായി സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജുകളിൽ പ്രവേശനം പൂർത്തിയാക്കുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

എം. ടെക് അഡ്മിഷൻ സംബന്ധിച്ച നടപടി

1170 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ എം. ടെക് അഡ്മിഷൻ ഏത് റാങ്കു വരെയുള്ള എസ്. സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 07.11.2012-ന് തിരുവനന്തപുരത്ത് എം. ടെക് -ന് നടത്തിയ സ്പോട്ട് അഡ്മിഷൻ എത്ര പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) 19.10.2012-ൽ പാലക്കാട് നടന്ന സ്പോട്ട് അഡ്മിഷനിൽ കണ്ണൂർ, കോട്ടയം എഞ്ചിനീയറിംഗ് കോളേജുകളിലെ എസ്. സി.ക്വാട്ടയിൽ ഉണ്ടായ ഒഴിവ് നികത്തിയതെങ്ങനെയെന്ന് വ്യക്തമാക്കുമോ; ഈ സീറ്റുകളിൽ എസ്. സി. വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദീകരിക്കുമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>കെ-ടെറ്റ് യോഗ്യത പരീക്ഷ</u>

1171

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ അധ്യാപകരെ കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് ആദ്യമായി നടന്ന കെ-ടെറ്റ് യോഗ്യത പരീക്ഷ എഴുതിയവരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) എൽ.പി, യു.പി., ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും പരീക്ഷ എഴുതിയവരുടെയും വിജയിച്ചവരുടെയും കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പരീക്ഷയിലെ വിജയശതമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണോ കുറവാണോ; വസ്തുതകൾ വിശദമാക്കാമോ;

(ഡി) യു.ജി.സി., നെറ്റ്, സെറ്റ്, സി.ടി.ഇ.ടി തുടങ്ങിയ അധ്യാപക യോഗ്യതാ നിർണ്ണയ പരീക്ഷകളുടെ ഈ വർഷത്തെ വിജയശതമാനവും ദേശീയ ശരാശരിയും സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

1172 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം 2013 വർഷം മുതൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ടി.എച്ച്.എസ് കളുടെ പ്രവേശനം ഏതു രീതിയിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുകയാണെങ്കിൽ ടി.എച്ച്.എസ് കളിൽ ടെക്നിക്കൽ ഹയർസെക്കന്ററി അനുവദിക്കുമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിലെ
പ്രൊമോഷനുകൾ

1173 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്മാർക്ക് വൊക്കേഷണൽ ഇൻസ്ട്രക്ടർ ആയി പ്രൊമോഷൻ നൽകുന്നതിന് വ്യവസ്ഥ നിലവിലുണ്ടോ ;

(ബി) എങ്കിൽ 2005 മുതൽ ഇത് പ്രകാരം എത്ര പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) പ്രൊമോഷൻ ലഭിച്ച ആളുകളുടെ പേരും അവരെ നിയമിച്ച സ്കൂളുകളുടെ പേരും ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ടെക്നിക്കൽ സ്കൂളുകളിലെ പാഠ്യപദ്ധതി</u>

1174 ശ്രീ.മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ടെക്നിക്കൽ സ്കൂളുകളിലെ പാഠ്യപദ്ധതി നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പാഠ്യപദ്ധതി നവീകരണവും നടപ്പാക്കലുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(സി) പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; പ്രസ്തുത പരിശീലനം നൽകിയവരിൽ 2013 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വിരമിക്കുന്ന എത്ര പേരുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ നിയമനങ്ങൾ</u>

1175 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
'' കെ. കുഞ്ഞിരാമൻ (ഉദുമ)
'' എസ്. രാജേന്ദ്രൻ
'' ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ നിയമനത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന പരാതിയിൽ സംസ്ഥാനത്തെ മന്ത്രിമാരുടെ പേരിൽ ലോകായുക്ത നോട്ടീസ് അയയ്ക്കുകയുണ്ടായോ ; ആരോപണ വിധേയരായ മന്ത്രിമാർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓപ്പൺ സ്കൂൾ നിയമനത്തിന് ഏതെങ്കിലും എം.എൽ.എ. മാർ ശുപാർശ ചെയ്യുകയുണ്ടായോ ; ശുപാർശയിൽ ഉൾപ്പെട്ടിട്ടുള്ള ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) നിയമനങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ഐ. എച്ച്. ആർ. ഡി., എൽ. ബി. എസ് എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

1176 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി., എൽ. ബി. എസ് എന്നീ സ്ഥാപനങ്ങളിലെ നിയമനങ്ങൾ നടത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടുത്തെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കാറുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഭാവിയിൽ സംവരണതത്വം പാലിച്ചുകൊണ്ടായിരിക്കണമെന്ന് നിബന്ധന വയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ

**കേരള നിയമസഭ**
**13.12.2012-ലെ മറുപടിക്ക്**

<u>തമിഴ്നാട് സർക്കാർ നടത്തുന്ന എച്ച്.എസ്.സി. പരീക്ഷ</u>

1177

ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് സർക്കാർ നടത്തുന്ന എച്ച്.എസ്.സി. പരീക്ഷയ്ക്ക് പ്ലസ് 2 വിന് തുല്യമായി കേരള സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) കേരളത്തിൽ ഏതെല്ലാം യൂണിവേഴ്സിറ്റികൾ ഈ കോഴ്സിന് പ്ലസ് 2 വിന് തത്തുല്യമായ അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത എച്ച്.എസ്.സി. പരീക്ഷ പാസ്സായ കേരള വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് കേരളത്തിൽ തന്നെ ചേരുന്നതിന് സാധിക്കുമോ; എങ്കിൽ എവിടെ യെല്ലാം ഏതെല്ലാം കോഴ്സിനെന്നു വ്യക്തമാക്കുമോ; സാദ്ധ്യതകൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ആദിവാസി ഊരുകളിൽ തുടർപഠനം</u>

1178 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഊരുകളിൽ തുടർ പഠനം നിലച്ചിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ആദിവാസി ഊരുകളിൽ ഫെസിലിറ്റേറ്റർമാരുടെ സേവനം നിർത്തിയതിനുശേഷം എന്ത് ബദൽ സംവിധാനമാണ് ഏർപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>സർട്ടിഫിക്കറ്റ് റദ്ദു ചെയ്യാനുള്ള നടപടി</u>

1179 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി 2005-ൽ നടത്തിയ ഏഴാം തരം തുല്യതാ പരീക്ഷ എഴുതാതെ മുൻ ഡയറക്ടർ ഡോ. എൻ. ജയദേവൻ ഒപ്പിട്ട സർട്ടിഫിക്കറ്റ് ആരെങ്കിലും കരസ്ഥമാക്കിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ;

(ബി) പരീക്ഷ എഴുതാതെ മുൻ ഡയറക്ടറുടെ ഒപ്പിട്ട സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയത് ആരാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സാക്ഷരതാ മിഷൻ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഏഴാം തരം പരീക്ഷയെഴുതാതെ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ വ്യക്തി അതിന്റെ അടിസ്ഥാനത്തിൽ പത്താം തരം തുല്യതാ കോഴ്സിൽ ചേർന്ന് പരീക്ഷയെഴുതി വിജയിച്ചിട്ടുണ്ടോ ;

(ഇ) പരിക്ഷയെഴുതാതെ കരസ്ഥമാക്കിയ ഏഴാം തരം സർട്ടിഫിക്കറ്റും അതുപയോഗിച്ച് എഴുതിയ പത്താംതരം സർട്ടിഫിക്കറ്റും റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 13.12.2012-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യം</u>

1180 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
'' കെ. എൻ. എ. ഖാദർ
'' കെ. മുഹമ്മദുണ്ണി ഹാജി
'' അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതമായിരുന്നിട്ടും സംസ്ഥാനത്തിന് സമ്പൂർണ്ണ സാക്ഷരതയെന്ന ലക്ഷ്യം കൈവരിക്കാനാവാത്തതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിശകലനഫലങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) സമ്പൂർണ്ണ സാക്ഷരത നേടിയെടുക്കുന്നതിന് നിലവിലെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

ഓപ്പൺ സ്ക്കൂളുകളിൽ തപാൽ ചാർജ് ഈടാക്കൽ

1181 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂളിൽ രജിസ്റ്റർചെയ്ത റെഗുലർ വിദ്യാർത്ഥികൾക്ക് പഠനസഹായി നേരിട്ട് നൽകിയശേഷം അവരിൽനിന്ന് തപാൽ ചാർജ് ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രോസ്പെക്ടസിൽ ഫീസ് സംബന്ധിച്ച് വിശദവിവരം രേഖപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കാൻ എന്തു തീരുമാനം എടുത്തു എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഇക്കാര്യം അടിയന്തരമായി പരിഹരിക്കുവാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 13.12.2012-ലെ മറുപടിക്ക്

<u>ഹയർസെക്കഡറി സ്കൂളുകളിലെ പ്ലാൻ ഡെപ്പോസിറ്റ്</u>

1182 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളിലെ പി. ഡി. (പ്ലാൻ ഡെപ്പോസിറ്റ്) അക്കൗണ്ടിലെ പണം ഹയർസെക്കൻഡറി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുമോ ?